അസെസ്മെന്റിനും കൗൺസിലിംഗിനും വിധേയരാവുകയും 11333 ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകിയിട്ടുണ്ട്. 9509 ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യമേഖലയിൽ തൊഴിൽ ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ 2014-15 സാമ്പത്തിക വർഷം "എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും എംപ്ലോയബിലിറ്റി സെന്ററുകളും സംയുക്തമായി 'നിയുക്തി 2015' എന്ന പേരിൽ എറണാകുളം, നിലമ്പൂർ, കണ്ണൂർ, പാലക്കാട്, കൊല്ലം എന്നീ അഞ്ച് സ്ഥലങ്ങളിൽവച്ച് മെഗാജോബ് ഫെയർ സംഘടിപ്പിച്ചു. പ്രസ്തുത മേളയിൽ 42821 ഉദ്യോഗാർത്ഥികൾ പങ്കെടുക്കുകയും 17875 പേർക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) 2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച അധിക വൈദഗ്ധ്യ വർദ്ധന പദ്ധതി (ASEP) യുടെ അടിസ്ഥാനത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ സ്കിൽ ഡെവലപ്മെന്റ് സെന്ററുകളാക്കി മാറ്റിക്കൊണ്ട് എംപ്ലോയബിലിറ്റി സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്.

തോട്ടം തൊഴിലാളികൾക്ക് ചുരുങ്ങിയത് 500 രൂപ കൂലി

199 (5002) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തോട്ടം തൊഴിലാളികൾക്ക് നിലവിൽ കിട്ടുന്ന കൂലി എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) കൂലി പുതുക്കി നൽകുന്നതിന് പുതിയ തീയതി എന്തെങ്കിലും തീരുമാനിച്ചിട്ടുണ്ടോ ;

(സി) തോട്ടം തൊഴിലാളികൾക്ക് ചുരുങ്ങിയത് 500 രൂപ എന്ന കൂലി നൽകുന്നതിന് ഇടക്കാല ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാർ തയ്യാറാകുമോ ;

(ഡി) തൊഴിലാളികൾക്ക് ഭക്ഷ്യധാന്യങ്ങൾ സൗജന്യമായി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 5-2-2014-ലെ സ.ഉ. (കൈ) നമ്പർ. 15/2014/തൊഴിൽ ഉത്തരവ് പ്രകാരം 2015 ജൂലൈ മാസത്തിൽ വിവിധ വിഭാഗം തോട്ടം തൊഴിലാളികൾക്ക് നൽകേണ്ട ശമ്പള നിരക്ക് അനുബന്ധമായി ചേർക്കുന്നു.* ഇതുകൂടാതെ വേതനത്തിന് പുറമേ, സർവ്വീസ് വെയിറ്റേജും തൊഴിലാളികൾക്ക് നൽകിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇല്ല.

(സി) പരിഗണനയിലില്ല.

(ഡി) പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിൽ, സർക്കാർ ജില്ലാ ലേബർ ഓഫീസർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് സൗജന്യ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകിയിരുന്നു. ഈ പദ്ധതി ഇപ്പോൾ നിലവിലില്ല.

സംസ്ഥാനത്തെ ഐ.ടി.ഐ.കൾ

200 (5003) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-15 വർഷം എത്ര സർക്കാർ ഐ.റ്റി.ഐ.-കളിൽ വിദ്യാർത്ഥികൾക്ക് യൂണിഫോം വിതരണം നടത്തിയിട്ടുണ്ട്;

(ബി) നിലവിൽ സ്റ്റേറ്റ് വൊക്കേഷണൽ ട്രെയ്നിംഗ്(എസ്.വി.ടി.) അംഗീകാരമുള്ള ട്രേഡുകൾക്ക് നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയ്നിംഗ്(എൻ.സി.വി.ടി.) അംഗീകാരം നേടുന്നതിന് ഈ അധ്യയന വർഷം എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ പട്ടികജാതി വികസന വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളെയും വ്യവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.റ്റി.ഐ. കളെയും ഏകോപിപ്പിക്കാൻ നിർദ്ദേശമുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കാമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ ട്രെയിനിംഗ് ഡയറക്ടറേറ്റ്, യൂണിഫോം സംഭരണം നടത്തിയിട്ടില്ല. എന്നാൽ ഐ.ടി.ഐ.കളിൽ യൂണിഫോം സ്റ്റോക്കുള്ളത് വിതരണം നടത്തിയിട്ടുണ്ട്.

(ബി) വിവിധ ഐ.ടി.ഐ.കളിലെ വിവിധ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കുന്നതിനാവശ്യമായ ഘടകങ്ങളിലുൾപ്പെട്ട ഉപകരണ സംഭരണത്തിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷത്തിൽ അഞ്ച് കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നു. പ്രസ്തുത ബഡ്ജറ്റ് വിഹിതം പരിമിതപ്പെടുത്തി 21 ഐ.ടി.ഐ.കളിലെ വെൽഡർ, ഇലക്ട്രീഷ്യൻ, ഡ്രാഫ്റ്റ്സ്മാൻ സിവിൽ, മെക്കാനിക്ക്, മോട്ടോർ വെഹിക്കിൾ എന്നീ ട്രേഡുകൾക്ക് എൻ.സി.വി.റ്റി. അഫിലിയേഷൻ ലഭിക്കുന്നതിനുവേണ്ടിയുള്ള ഉപകരണ സംഭരണത്തിന് ജി.ഒ.

LIBRARY ARCHIVES Kerala Legislative Assembly